ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി2-6380/2014/സിഇ/തസ്വഭവ

തീയതി : 17.07.2014

## സർക്കുലർ

വിഷയം:- തസ്വഭവ് - സി.പി.ഡബ്ല്യു ഡാറ്റാ പ്രകാരം ഒബ്സർവ്ഡ് ഡാറ്റാ അംഗീകരിക്കുന്നതും, റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് സീൽ കോട്ട് നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1) തിരുവനന്തപുരം നഗരസഭാ സുപ്രണ്ടിംഗ് എൻജിനീയറുടെ കത്ത്.
2) ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10/07/2014-ലെ ഡി1 ജനറൽ/2014 നമ്പർ കത്ത്.

സി.പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR 2013) പ്രകാരം റോഡ് പ്രവൃത്തികൾ ചെയ്യുന്ന അവസരത്തിൽ ഉപരിതലത്തിൽ സീൽകോട്ട് നൽകണമെങ്കിൽ ബന്ധപ്പെട്ട ചീഫ് എൻജിനീയറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കേരളത്തിൽ ശക്തിയായി മഴ ലഭിക്കുന്ന സാഹചര്യം ആയതിനാൽ റോഡിന്റെ ഉപരിതലത്തിൽ വിടുവകൾ ഉള്ള പക്ഷം വെള്ളം താഴാനും റോഡ് തകരുന്നതിനും സാധ്യത കൂടുതലാണ്. കൂടാതെ കേരളത്തിലെ വാഹനബാഹുല്യവും കണക്കിലെടുക്കേണ്ടതാണ്. റോഡ് ഉപരിതലത്തിലെ വിടവുകൾ അടയ്ക്കുന്നതിന് സീൽകോട്ട് നൽകേണ്ടത് മേൽകാരണങ്ങളാൽ അനിവാര്യമായി കാണുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് സീൽകോട്ട് കൂടി ഉൾപ്പെടുത്താവുന്നതാണ്. ആയതിന് അനുയോജ്യമായ ഡാറ്റ ഉപയോഗിക്കാവുന്നതാണ്.

വിവധ നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന സി.പി.ഡബ്ല്യൂ.ഡി ഡാറ്റായിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് ഒബ്സർവ്ഡ് ഡാറ്റ, മോഡിഫൈഡ് ഡാറ്റ എന്നിവ സാങ്കേതിക അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ തന്നെ മുൻകാലങ്ങളിൽ ഉള്ളതുപോലെ തയ്യാറാക്കി അംഗീകരിച്ചു നൽകാവുന്നതാണ്.

ചീഫ് എൻജിനീയർ

DVL/-14